**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2269** **30-09-2025 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള ഡയാലിസിസ് യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡയാലിസിസിന് വിധേയരാകുന്ന കിഡ്നി രോഗികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഡയാലിസിസിന് വിധേയരാകുന്ന കിഡ്നി രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മോശമായ ഭക്ഷണക്രമം, ഉയർന്ന പ്രമേഹം, ദീർഘകാല രക്തസമ്മർദ്ദം തുടങ്ങിയ ജീവിതശൈലി രോഗങ്ങൾ ഇതിന് പ്രധാന കാരണങ്ങൾ ആയി ആരോഗ്യ വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. |
| (ബി) | മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള ഡയാലിസിസ് യൂണിറ്റുകളുടെ എണ്ണവും സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ 11 മെഡിക്കൽ കോളേകളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>വൃക്കരോഗികളുടെ പ്രധാന ചികിത്സ മാർഗ്ഗമായ ഡയാലിസിസ് (Hemodialysis and peritoneal dialysis) എല്ലാ ജില്ലകളും വിവിധ കേന്ദ്രങ്ങളിലായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖാന്തിരം സൗജന്യമായി നൽകി വരുന്നുണ്ട്. വൃക്കരോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവിനെ തുടർന്ന് ആരോഗ്യവകുപ്പ് ഡയാലിസിസ് പദ്ധതി സംസ്ഥാനത്തുടനീളം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനായി ഡയാലിസിസ് മെഷീനുകൾ ഉൾപ്പെടെ ഉള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും വൃക്ക രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള ലാബ് സംവിധാനങ്ങളും പരിശോധന സംവിധാനങ്ങളും ലഭ്യമാണ്. |
| (സി) | ഡയാലിസിസ് ലാബ് അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ എണ്ണത്തിലെ കുറവ് ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വിവിധ മെഡിക്കൽ കോളേജുകളിലായി 28 ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഈ 28 തസ്തികകളിലും സമയബന്ധിതമായി തന്നെ പി. എസ്.സി. നിയമന ശിപാർശ നൽകുകയും ഉദ്യോഗാർത്ഥികളെ |

| | | | |
|---|---|---|---|
| | | | നിയമിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രസ്തുത തസ്തികകളിൽ ഒഴിവുകൾ ഇല്ല. ഇത് കൂടാതെ ആശുപത്രി വികസന സമിതികൾ വഴി ടി വിഭാഗത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| (ഡി) | ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നെഫ്രോളജി വിഭാഗത്തിലെ എൻടി കേഡർ ടെക്നീഷ്യൻ തസ്തിക ലാബ് അസിസ്റ്റന്റ് ഡയാലിസിസ് ആണ്. ആയതിന്റെ സ്ഥാനക്കയറ്റ തസ്തികയാണ് ഡയാലിസിസ് ടെക്നീഷ്യൻ. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കിഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ ആവശ്യമായ ഡയാലിസിസ് ലാബ് അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ സേവനം ലഭ്യമാണ്. നെഫ്രോളജി വിഭാഗത്തിന്റെ പ്രവർത്തനം പൂർണ്ണ തോതിലുള്ള മെഡിക്കൽ കോളേജുകളിൽ എല്ലാം തന്നെ ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ